# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1429 03.12.2015-ലെ മറുപടിക്ക്

## റോഡുകളുടെ ഉപരിതലം പുതുക്കുന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). | സംസ്ഥാനത്ത് റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | സംസ്ഥാനത്ത് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളാ ലിമിറ്റഡിന്റെ കീഴിൽ 83 കി.മീ. നീളം വരുന്ന 4 റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി - കാഞ്ഞിരംകവല (36.10 കി.മീ) റോഡിന്റെയും തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് - ചെറ്റച്ചൽ (21.90 കി.മീ) റോഡിന്റെയും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പി.പി.പി/ആന്യൂറ്റി മാതൃകയിൽ ടെണ്ടർ വിളിയ്ക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത M/s Inkel Ltd in Consortium with M/s EKK & Co. എന്ന സ്ഥാപനത്തിന് ലെറ്റർ ഓഫ് അവാർഡ് (LoA) നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിലെ വിദ്യാനഗർ- മായിപ്പാടി - സീതാഗോളി (9.40 കി.മീ) റോഡിന്റെയും ഉപ്പള-(15.60 കി.മീ) |

➡

| | | | |
|---|---|---|---|
| | | | റോഡിന്റെയും പ്രവൃത്തികൾക്കുള്ള ടെണ്ടർ പി.പി.പി/ആന്യുറ്റി മാതൃകയിൽ ചെയ്യുന്നതിന് 17.12.2015 അവസാന തീയതി വെച്ച് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| **(സി)** | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | **(സി)** | ഈ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ.43/2015/പൊ.മ.വ തീയതി 22.05.2015 പ്രകാരം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**